മലയാള വിഭാഗം, കെ.കെ.ടി.എം. ഗവ. കോളേജ്

**1.** **വായനാവാരം**

2018-19' അക്കാദമിക്ക് വർഷത്തിലെ പരിപാടികൾ 2018 ജൂൺ 19 ലെ വായനാദിനത്തോടെയാണ് ആരംഭിച്ചത്. പ്രശസ്ത ചിത്രകാരിയും, കലാനിരൂപകയുമായ ഡോ.കവിതാ ബാലകൃ ഷ്ണനാണ് മുഖ്യ പ്രഭാഷണം നിർവ്വഹിച്ചത്. പ്രിൻസിപ്പാൾ ഡോ. ഐ. അനിത ഉദ്ഘാടനം നിർവ്വഹിച്ചു. രാവിലെ 10 മണി മുതൽ ഉച്ചവരെയായിരുന്നു പരിപാടി.

തുടർന്നുള്ള 6 ദിവസങ്ങളിൽ ഓരോ വിദ്യാർത്ഥി അവരവരുടെ വായനാനുഭവം പങ്കുവച്ചു. ഉച്ചയ്ക്ക് 12.50 മുതൽ 1.30 വരെയുള്ള സമയത്താണ് ഈ പരിപാടികൾ നടന്നത്. തുടർന്നുള്ള ദിവസങ്ങളിൽ IInd BA യിലെ അനുപമയും (നന്നങ്ങാടികൾ;രാജേഷ് തെക്കിനേടത്ത് ), IInd BA യിലെ ദേവരഞ്ജിനിയും (എന്റെ കഥ; മാധവിക്കുട്ടി), IInd BA യിലെ മാളവിക .ടി.പി.(ന്റെ പ്പൂപ്പാക്കൊരാനാണ്ടൊർന്ന്), മലയാള വിഭാഗം അധ്യാപിക ഡോ. സരിത .കെ . ആർ. ( കോളറാ കാലത്തെ പ്രണയം: മാർക്വിസ് ), IInd MA യിലെ അഷിത ( ശരീരം, നദി, നക്ഷത്രം: ഐ.ഷൺമുഖദാസ് ), IIBA യിലെ കൃഷ്ണനുണ്ണി (രണ്ടാമൂഴം എം.ടി.) എന്നിവർ പുസതകങ്ങളെ പരിചയപ്പെടുത്തി സംസാരിച്ചത് വായനാവാരത്തെ സാർത്ഥകമാക്കി.

വായനാ വാരത്തിനിടയ്ക്ക് 22.6.18 ന് എം.എൻ. വിജയൻ. ലൈബ്രററിക്ക് പൂർവ്വ വിദ്യാർത്ഥികൾ കുറച്ചു പുസ്തകങ്ങൾ സമർപ്പിക്കാനെത്തിയിരുന്നു.

ജൂൺ 27 ന് പുല്ലൂറ്റ് സ്കൂളിലെ അധ്യാപകർ കൊടുങ്ങല്ലൂർ, പുല്ലൂറ്റ് എന്നിവയുടെ പ്രാദേശിക പ O നം നടത്തുന്നതിന്റെ സാധ്യതകൾ ആരാഞ്ഞു മലയാള വിഭാഗം സന്ദർശിക്കുകയും ഇവിടത്തെ ലൈബ്രററിയിലെ പുസ്തകങ്ങൾ റഫറൻസിനായി പരിശോധിക്കുകയും ഉണ്ടായി.

20. 6.18. ന് IstBA മലയാളത്തിന്റെ അഡ്മിഷൻ ആരംഭിച്ചു .11. 7.18 നാണ് Ist M A അഡ്മിഷൻ ആരംഭിച്ചത്.

ജൂൺ 20-ന് സമസ്ത കേരള സാഹിത്യ പരിഷത്തും സമകാലിക മലയാളവും ചേർന്നു തോട്ടപ്പുറം വികാസ് വാളിൽ വെച്ചു നടത്തിയ കഥാ ക്യാമ്പിൽ IInd BA, IIIrd BA വിദ്യാർത്ഥികളായ പത്തു പേർ പങ്കെടുത്തു. മലയാള വിഭാഗം അധ്യാപിക ഡോ. ജി. ഉഷാകുമാരി ക്ലാസ്സെടുത്തു.

**കവിതയ്ക്കൊപ്പം**

കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും മലയാള വിഭാഗം 'കവിതയ്ക്കൊപ്പം' എന്ന പരിപാടി നടത്തി വരുന്നുണ്ട്. തെരഞ്ഞെടുത്ത കവിയെക്കുറിച്ച് ഒരു വിദ്യാർത്ഥി പ്രബന്ധം അവതരിപ്പിക്കുകയും, മറ്റുള്ളവർ പ്രതികരിക്കുകയും ചെയ്യുന്ന ഒരു പരിപാടിയാണിത്. ജൂൺ. 29 ന് IInd BA വിദ്യാർത്ഥികൾ അയ്യപ്പപ്പണിക്കരെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു.

നവംബർ 30 ന് ബാലാമണിയമ്മയുടെ കവിതകളെ മുൻനിർത്തിയുള്ള ഒരു പരിപാടി നടത്താൻ തീരുമാനിച്ചുറപ്പിച്ചിട്ടുണ്ട്.

2019 ജനുവരി 11 വെള്ളിയാഴ്ച്ച എസ്.ജോസഫിൻറെ കവിതകൾ ചർച്ചചെയ്തു

2019 ജനുവരി 25 ന് കവിതയ്ക്കൊപ്പം പരിപാടിയിൽ റഫീക്ക് അഹമ്മദിൻറെ കവിതകൾ ചർച്ചചെയ്തു

2019 ഫെബ്രുവരിയിൽ രേണുകുമാറിൻറെ കവിതകളെ മുൻനിർത്തി ചർച്ചനടന്നു.

ബഷീർ അനുസ്മരണം

9.7.18. ന് ഉച്ചയ്ക്ക് 12 മണിക്ക് വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം നടന്നു.

**ഗവേഷണകേന്ദ്രം - ഉദ്ഘാടന o**

മലയാള വിഭാഗം ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം രാവിലെ 10 മണിക്ക് M.L.A. അഡ്വ.വി.ആർ. സുനിൽ കുമാർ നിർവ്വഹിച്ചു. തുടർന്ന് പ്രാദേശിക ചരിത്രത്തിന്റെ പ്രസക്തിയെക്കുറിച്ച് പ്രശസ്ത ചരിത്ര പണ്ഡിതനായ ഡോ. കേശവൻ വെളുത്താട്ട് മുഖ്യ പ്രഭാഷണം നിർവഹിച്ചു.

ജൂലൈ 30, 31 ന് IV സെമസ്റ്റർ എം.എ.വിദ്യാർത്ഥികളുടെ വൈവ നടന്നു.

26.02.2019 ന് ഡോ.ജി.ഉഷാകുമാരി, ഡോ.ദീപ.ബി.എസ്, ഡോ.ജെൻസി, എന്നിവരുടെ കീഴിലുള്ള 9 വിദ്യാറ്ത്ഥികളുടെ ഡോക്ടറൾ കമ്മറ്റി നടന്നു. പ്രിനസിപ്പാൾ ഇൻ ചാർജ്, ഡോ.ഇ.എ.നെസി, ഡോ.ബി.പാർവതി, ഡോ.എൽ. തോമസ്കുട്ടി, വി.സി.നോമിനി ഡോ.ഉമറ്തറമ്മേൽ എന്നിവർ പങ്കെടുത്തു.

20.03.2019 ന് മുഹമ്മദ് ബഷീറിൻറെ ബിരുദാനന്തരബിരദമലയാളപഠനം-സാംസ്കാരികവിശകലനം എന്ന പ്രബന്ധത്തിൻറെ പ്രി-സബ്മിഷൻ നടത്തുന്നുണ്ട്.

**വെള്ളപ്പൊക്ക - ദുരിതാശ്വാസം**

ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അവിചാരിതമായി വന്നു ചേർന്ന വെള്ളപ്പൊക്കത്തിന്റെ ദുരിതം വിദ്യാർത്ഥികളെയും അധ്യാപകരേയും ബാധിച്ചു. വെള്ളപ്പൊക്കം ദുരിതാശ്വാസത്തിനായി കോളേജ് പിരിച്ചെടുത്ത തുകയോടൊപ്പം, ഡിപ്പാർട്മെൻറ് അധ്യാപകരുടെതായ ചെറിയ തുകയും ചേർത്ത് Rs.1300 വീതം വെള്ളപ്പൊക്കം ദുരിതത്തിലാക്കിയ ഏഴ് വിദ്യാർത്ഥികൾക്ക് നല്കാനായി കോളേജിലെ അലുമിനി അസോസിയേഷൻ തന്ന തുക മറ്റു രണ്ടു വിദ്യാർത്ഥികൾക്കും നല്കുകയുണ്ടായി.

**ഗീതാ ഹിരണ്യൻ അനുസ്മരണവും, പുരസ്കാര സമർപ്പണവും**

കേരള സാഹിത്യ അക്കാദമിയുടെ സാമ്പത്തിക സമാഹാരണത്തോടെ ഗീതാ ഹിരണ്യൻ അനുസ്മരണ പ്രഭാഷണം 12.09. 2018 ന് നടത്തുകയുണ്ടായി. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി. മോഹനൻ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ പ്രശസ്ത നിരൂപക ഡോ. ശാരദക്കുട്ടി സ്മാരക പ്രഭാഷണം നിർവ്വഹിച്ചു. തുടർന്ന് നിരൂപക പ്രൊഫ. വി.കെ.സുബൈദ ഗീതാ ഹിരണ്യൻ കഥകളെ മുൻനിർത്തി പ്രഭാഷണം നടത്തുകയുണ്ടായി.

ഗീതാ ഹിരണ്യന്റെ സ്മരണാർത്ഥം കോഴിക്കോട് സർവ്വകലാശാല വിദ്യാർത്ഥികൾക്കായി ഒരു കഥാ മത്സരം നടത്തുകയുണ്ടായി. മികച്ച കഥ തെരഞ്ഞെടുത്തത് ഡോ. ജി. ഉഷാകുമാരി , ധന്യാ പണിക്കർ, ഡോ .സരിത കെ.ആർ. എന്നിവരടങ്ങുന്ന ജൂറിക്കമ്മിറ്റി ആയിരുന്നു മികച്ച കഥയായി ' തെരഞ്ഞെടുത്തത് . കോഴിക്കോട് സർവകലാശാല മലയാള വിഭാഗം വിദ്യാർത്ഥി ജിഷ്ണു .കെ . നായരുടെ കഥയായിരുന്നു. ജിഷ്ണുവിന് Rs.2000 സമ്മാനമായി നല്കാനും, ഒരു സർട്ടിഫിക്കറ്റും , പുരസ്കാരവും നല്കാനും മലയാള വിഭാഗത്തിനു കഴിഞ്ഞു.

**അക്ഷരശ്ലോക സദസ്സ്**

തെയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോന്റെ വീട്ടിൽ നടന്ന അക്ഷരശ്ലോക സദസ്സിലും ,ഡോക്യുമെൻററിയിലും Ist BA യിലേയും Ist MA യിലെയും ഇരുപതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. (ശ്രീ. ബക്കർ മേത്തല നിർമ്മിക്കുന്ന ഈ ഡോക്യുമെൻററിയിലെ പങ്ക ചേരൽ ഇന്നു മൺമറഞ്ഞു കൊണ്ടിരിക്കുന്ന നിമിഷ കവിതകളെ ക്കുറിച്ചും , അക്ഷര ശ്ലോക സദസ്സിനെക്കുറിച്ചുമുള്ള ഒരു ബോധം വിദ്യാർത്ഥികൾക്കു പകർന്നു നല്കി. സെപ്റ്റംബർ 15 ശനിയാഴ്ച മലായളവിഭാഗത്തിൻറെ സഹകരണത്തോടെയാണ് ഈ പരിപാടി യുടെ ഭാഗമായി ഡോക്യുമന്ററി നിർമിച്ചത്. നടന്നത്. തെയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോന്റെ ഡോക്യുമെന്ററിയിൽ പുല്ലറ്റിൽ ഈ നിമിഷ കവിയുടെ പ്രസക്തിയെ ക്കുറിച്ച് മലയാള വിഭാഗം അധ്യാപകരായ ഡോ.ബി. പാർവ്വതിയും, ഡോ.ജി

.ഉഷാകുമാരിയും ഒരു ചെറു വിവരണം നല്കിയിട്ടുണ്ട്.

**പുസ്തക ശേഖരം**

മലയാള വിഭാഗത്തിലെ പൂർവാധ്യാപകനായ അരവിന്ദാക്ഷൻ സാറിന്റെ വിലപ്പെട്ട ഗ്രന്ഥശേഖരം മകളായ സുമ മലയാള വിഭാഗം എം.എൻ.വിജയൻ ലൈബ്രററിയ്ക്ക് സംഭാവന ചെയ്ത വർഷമാണിത്. സെപ്റ്റംബർ 26 ന് ഡോ.ബി. പാർവതി പതിനഞ്ചോളം വിദ്യാർത്ഥികളുമായി ചെന്ന് പുസ്തക ശേഖരം ഏറ്റുവാങ്ങി.ആ പുസ്തകം കോളേജിൽ എത്തിച്ചു തരാനുള്ള വാഹനച്ചെലവു പോലും അരവിന്ദാക്ഷൻ സാറിന്റെ മകൾ വഹിച്ചു. സർഗാത്മക കൃതികളുടേയും , വിമർശന കൃതികളുടേയും ഈ അമൂല്യശേഖരം മലയാള വിഭാഗത്തിലെ പൂർവാധ്യാപകരും, പൂർവ വിദ്യാർത്ഥികളും ഈ കോളേജിനോട് പുലർത്തുന്ന തീവ്ര വൈകാരിക ബന്ധത്തിന്റെ സാക്ഷ്യമാണ്. വരും തലമുറയ്ക്ക് അമൂല്യമായ ഒരു മുതൽക്കൂട്ടാണീ ഗ്രന്ഥശേഖരം.
കോളേജിൽ 06.01.2019 സന് നടന്ന പൂർവവിദ്യാറത്ഥി സമ്മേളനതത്ള മലയാളവിഭാഗത്തിലേക്ക്ു പൂർവവിദ്യാർത്ഥികൾ പുസ്തകങ്ങൾ തന്നു.
വള്ളത്തോളിൻറെ മകൻ ശ്രീ ഗോവിന്ദക്കുറുപ്പിന്റെ വിവർത്തനകൃതികളി്ൽ ചിലത് അദേഹത്തിന്റെ മകൻ രവീന്ദ്രനാഥ് മലയാളവിഭാഗത്ിന് സമർപ്പിക്കുന്ന ചടങ്ങ് 08.03.2019 നു നടന്നു.

**ബഹു വചനം**

കോളേജിലെ മലയാളം - ചരിത്ര വിഭാഗങ്ങളുടെ സംവാദക്കൂട്ടമാണ് ' ബഹുവചനം' ഈ വർഷം ബഹുവചനം സെപ്റ്റംബർ 28 ന് ഒരു പരിപാടി നടത്തി. മലയാള വിഭാഗം അധ്യാപിക ഡോ.സരിത കെ.ആർ ' ശാസ്ത്രവും, സാഹിത്യവും - സംവാദാത്മക ചിന്തകൾ' എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധം അവതരിപ്പിക്കുകയും, തുടർന്ന് സാർത്ഥകമായ ചർച്ചയ്ക്ക് നടക്കുകയും ചെയ്തു.
ഇക്കണോമിക്സ് അധ്യാപകൻ ശ്രീ.ഉല്ലാസ്, ഇംഗ്ലീഷ് അധ്യാപകൻ ശ്രീ. ഗംഗേശൻ എന്നിവർ തുടർന്ന് പ്രബന്ധം അവതരിപ്പിക്കുന്നുണ്ട്. ആ പ്രബന്ധാവതരണങ്ങളുടെ തീയതികൾ നിശ്ചയിക്കാനിരിക്കുന്നതേയുള്ളൂ.
ദേശീയ സെമിനാർ
നവംബർ 1, 2 തീയതികളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ധനസഹായത്തോടെ “"ഭാഷാശാസ്ത്ര o വഴികളും നേട്ടങ്ങളും” എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഡോ. സി. രാജേന്ദ്രൻ ഉദ്ഘാടനം നിർവ്വഹിച്ച സെമിനാറിൽ ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ ഡോ.പി.എം.ഗിരീഷ്, ഡോ. ടി. ശ്രീവത്സൻ, ശ്രീമതി.സീമ.ജെറോം, പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം, ഡോ. ജമീൽ അഹമ്മദ് എന്നിവർ ഓരോ സെഷനുകൾ കൈകാര്യം ചെയ്തു. സമാന്തര സെഷനുകളിൽ രണ്ടു ദിവസങ്ങളിലായി ഇരുപതോളം പേർ പ്രബന്ധാവതരണം നിർവഹിക്കുകയുണ്ടായി.

**എം.എൻ.വിജയൻ അനുസ്മരണം**

എല്ലാ വർഷത്തേയും പോലെ എം.എൻ.വിജയൻ സ്മാരക പ്രഭാഷണം ഇത്തവണയും സംഘടിപ്പിച്ചു. 5. 11. 2018. രാവിലെ 11.30 ന് പ്രശസ്ത കവിയും, നിരൂപകനുമായ ഡോ.കല്പറ്റ നാരായണൻ എം.എൻ.വിജയന്റെ നിരൂപണത്തെക്കുറിച്ചുള്ള പ്രഭാഷണം നിർവ്വഹിച്ചു. തുടർന്ന് തൃശ്ശൂർ കേരളവർമ്മ കോളേജിലെ മുൻ അധ്യാപകനും പ്രൊ.ഇ.എസ്. സതീശൻ.എം.എൻ. വിജയന്റെ കവിതാ നിരൂപണത്തെക്കുറിച്ചും സാംസ്കാരിക നിരൂപണത്തെക്കുറിച്ചും പ്രഭാഷണം നടത്തി.

**സാഹിത്യവും, ചരിത്രവും-ഏകദിനസെമിനാറ**

പുല്ലൂറ്റ് നിവാസിയായിരുന്ന പ്രാദേശിക ചരിത്ര പണ്ഡിതനും, സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന പാലിശ്ശേരി നാരായണ മേനോന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഈ കോളേജിലെ മലയാളം - ചരിത്ര വിഭാഗങ്ങൾ സംയുക്തമായി "സാഹിത്യവും, ചരിത്രവും” എന്ന ഒരു സെമിനാർ സംഘടിപ്പിച്ചു. പാലിശ്ശേരി

നാരായണ മേനോന്റെ കുടുംബത്തിന്റെ ധന സഹായത്തോടെ നടത്തിയ ഈ സെമിനാറിൽ പ്രശസ്ത ചരിത്ര പണ്ഡിതരായ ഡോ.രാജൻ ഗുരുക്കൾ, ഡോ. രാഘവവാരിയർ, ഡോ.കേശവൻ വെളുത്താട്ട് എന്നിവർ പ്രഭാഷണം നിർവഹിച്ചു.

പി. ടി.എ.മീറ്റിംഗ്
I st BA, IInd BA വിദ്യാർത്ഥികളുടെ പി.ടി.എ. മീറ്റിംഗ് 22.11.18 ന് നടന്നു. IIIrd BA ,IInd MA വിദ്യാർത്ഥികളുടെ പി.ടി.എ. മീറ്റിംഗ് ഡിസംബർ 5 നും I st MA വിദ്യാർത്ഥികളുടേത് ഡിസംബർ 10 നും നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

01.03.2019 ന് മലയാളപ്പച്ച 8ാമതു ലക്കം കേരളീയാധുനികത- വിചാരവും വായനയും യുടെ പ്രകാശനം ഡോ.കെ.എം. അനിൽ നിർവഹിച്ചു.

**പ്രഭാഷണപരമ്പര**
**1. 2018 ഡിസം 6 ന ഡോ. ചാത്തനാത്ത് അച്ുതനുണ്ണി പൌരസ്ത്യപാശ്ചാത്യ സാഹിത്യദർശനം- ഒരു താരതമ്യം എന്ന വിഷയത്തില ക്ലാസ് എടുത്തു.**
**2. 21.01.2019 ന് ഡോ.വലസലന വാതുശ്ശേരി ഗവേഷണത്തിൻ റെ രീതിശാസ്ത്രം എന്ന വിഷയത്തിൽ ക്ലാസ് എടുത്തു.**

മലയാളം അസ്സോസിയേഷന ഉദ്ഘാടനം
7.12.08 നി കവി കുഴൂറ് വിൽസൺ നടത്തി. നിരൂപക വി.കെ.സുബൈദ സംസാരിച്ചു.

**മാതൃഭാഷാദിനം**
21.02.19 ന് കവി ഡി.അനിൽ കുമാർ നിറ്വഹിച്ചു. കവിയരങ്ങും നടന്നു.

**വിക്കിപ്പീഡിയ സംഗമം**
വിക്കി മലയാളത്തിൻറെ 16ാം പിറന്നാളാഘോഷം 21.12.18 ന നടന്നു. ടി.കെ.ഗംഗാധരന, വി. മനോജ്, തുടങ്ങിയവർ പങ്കെടുത്തു.
വിക്കി യുവസംഗമം 14.01.2019 ന മലയാളവിഭാഗത്തിൽ നടന്നു.

**മോക്ക് വൈവ**
ബി.എ.മലയാളം വിദ്യാർത്ഥികളുടെ പ്രോജക്റ്റ് വൈവ 18.03.2019 ന നടത്തുന്നു.

**നേട്ടങ്ങൾ**
**1.** എം.എ. വിദ്യാർത്ഥിനി നിമിഷ.ടി.എസ് യുജി.സി പരീക്ഷയിൽ നെറ്റ്- ലക്ചററ്ഷിപ് നേടി.
2. ക്രിസ്മസ് കരോൾ ഗാനമൽസരത്തിൽ മലയാളവിഭാഗത്തിലെ വിദ്ായർത്ഥികൾക്ക് ഒന്നാം സമ്മാനം കിട്ടി.
3. ഡിസോൺ കലേൽസവത്തിൽ ഒന്നാം വർഷ ബി.എ.മലയാളം വിദ്യാർത്ഥി കോകില തമിഴ് കഥാരചനയിൽ മൂന്നാം സമ്മാനം നേടി.
4. ഡോ.ജി.ഉഷാകുമാരി 2018 ൽ സെപ്ററ്ന്പർ മാസം കഥയും കാമനയും എന്ന പുസ്തകം പ്രസിദ്ധീകരിച്ചു
5. മലയാളവിഭാഗം എം.എ.മലയാളം വിദായർത്ഥിനി വിഷ്ണുപ്രിയക്ക് സ്പോർട്സ് മീറ്റിൽ സനമ്മാനം കിട്ടി.
6. സംഗീത.കെ, ലക്ഷ്മി.എസ്. എന്നീ അധ്യാപകർക്ക് കേരള സർവകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ബിരുദം ലഭിച്ചു.
ഡോ.ജി.ഉഷാകുമാരി കൊച്ചി ശാസ്ത്രസാങ്കേതികസർവകലാശാലയുടെ ഹിന്ദി വിഭാഗത്തിൻറെ മലയാളപഠനവിഭാഗം, കോഴിക്കോട്ടു സർവകലാശാലയുടെ വിമൻസ്റ്റഡീസ് വിഭാഗം എന്നിവയുടെ ബോർഡ്

ഓഫ് സ്റ്റഡീസ് അംഗമായി നിയമിക്കപ്പെട്ടു. കെ.കെ.മുഹമ്മദ് ബഷീർ കോഴിക്കോട് സർവകലാശാലയിലെ ബി.എ. മലായളം ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായി നിയമിക്കപ്പെട്ടു.

**സെമിനാർ അവതരണം**

ഡോ.ബി.പാർവതി ചാലക്കുടി ഗവ.കോളേജിൽ 23.10.2018 മലയാളവിഭാഗത്തിലെ മലയാളഗദ്യത്തിലെ നാൾവഴികൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

ഡോ.ജി.ഉഷാകുമാരി 28.09.2018 ന് കുട്ടനെല്ലൂർ ഗവ.കോളേജിൽ ചരിത്രവിഭാഗം നടത്തിയ ദേശീയസെമിനാറിൽ പങ്കെടുത്തു പ്രബന്ധം അവതരിപ്പിച്ചു. 05.10. 2018 ന് മലപ്പുറം ഗവ.കോളേജിൽ പങ്കെടുത്തു പ്രബന്ധം അവതരിപ്പിച്ചു. 09.11 2018 ന് തിരൂർ ഗവ.കോളേജിൽ കഥാസെമിനാറിൽ പങ്കെടുത്തു പ്രബന്ധം അവതരിപ്പിച്ചു. 13.12.2018 ന് കോഴിക്കോട്ടു സർവകലാശാല മലയാളവിഭാഗം സംഘടിപ്പിച്ച കേരളീയചിന്ത ഇൻറർനാഷണൽ സെമിനാറിൽ പങ്കെടുത്തു പ്രബന്ധം അവതരിപ്പിച്ചു. 20.12.2018 ന് ഗവ.ബ്രണ്ണൻ കോളേജ മലയാളവിഭാഗം നടത്തിയ ഇൻറർനാഷണൽ സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചു.

ഡോ.ജി.ഉഷാകുമാരി കോഴിക്കോട് സർവകലാശാലയിൽ റിഫ്രഷർ കോഴ്സിൽ റിസോഴ്സ് പേഴ്സൺ ആയി ക്ലാസ് എടുത്തു.

മാതൃഭൂമി തിരുവനന്തപുരത്തു കനകക്കുന്നിൽ വെച്ചു 31.01.2019 ന നടത്തിയ അന്താരാഷ്ട്ര സാഹിത്യോൽസവത്തിൽ മീ-റ്റ് സെഷനിൽ പങ്കെടുത്തു.

കെ.കെ.മുഹമ്മദ് ബഷീർ ചാലക്കുടി ഗവ.കോളേജിൽ 23.10.2018 മലയാളവിഭാഗത്തിലെ മലയാളഗദ്യത്തിലെ നാൾവഴികൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. വിവിധ സെമിന്ാറുകലിൽ പ്കെടുത്തു പ്രബന്ധം അവതരിപ്പിച്ചു.

യാക്കോബ് തോമസ് 26.09.2018 ന് ശ്രീകൃഷ്ണകോളേജിൽ മലയാളവിഭാഗത്തിൽ പ്രഭാഷണം നടത്തി
യാക്കോബ് തോമസ് 03.10.2018 ന് മാള കാർമൽ കോളേജിൽ മലയാളവിഭാഗത്തിൽ പ്രഭാഷണം നടത്തി
യാക്കോബ് തോമസ് 05.10.2018 ന് കേരളവർമകോളേജിൽ മലയാളവിഭാഗത്തിൽ പ്രഭാഷണം നടത്തി
യാക്കോബ് തോമസ് 20.12.2018 ന് ബ്രണ്ണൻ കോളേജിൽ കോളേജിൽ മലയാളവിഭാഗത്തിൽ അന്തർ ദേശീയസെമിന്ാറിൽ പ്രബന്ധാവതരണം നടത്തി
യാക്കോബ് തോമസ് 03.01.2019 ന് കൊടുവള്ളി ഗവ.കോളേജിൽ മലയാളവിഭാഗത്തിൽ സെമിനാറിൽ പ്രബന്ധാവതരണം നടത്തി
ഡോ. ദീപ.ബി.എസ് കോഴിക്കോട് ഗവ. ആർട്സ് കോളേജിൽ മലയാളവിഭാഗം ദേശീയസെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചു.

ഡോ.ജി.ഉഷാകുമാരി, യാക്കോബ് തോമസ് , കെ.കെ.മുഹമ്മദ് ബഷീർ എന്നിവർ വിവിധ ആനുകാലികങ്ങളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. യഥാക്രമം 8,10, 2 എന്നീ എണ്ണങ്ങൾ.